**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3006** **18-03-2022 - ൽ മറുപടിയ്ക്ക്**

**മുന്നിയൂർ ജലനിധി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി | | null<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | മുന്നിയൂർ ജലനിധി പദ്ധതിയുടെ ഭാഗമായി ജലനിധി ഗവേണിംഗ് ബോഡി അംഗീകാരം നൽകിയ റിവൈസ്ഡ് എസ്റ്റിമേറ്റ് സംബന്ധിച്ച പൂർണ്ണമായ വിശദാംശം നൽകാമോ; | (എ) | മുന്നിയൂർ ജലനിധി പദ്ധതിയുടെ ഭാഗമായി ജലനിധി ഗവേണിങ് ബോഡി അംഗീകരിച്ചു നൽകിയ 29,69,96,010 രൂപയുടെ റിവൈസ്ഡ് എസ്റ്റിമേറ്റിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | റിവൈസ്ഡ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ റോഡ് നവീകരണത്തിനുള്ള ഫണ്ടിന്റെ വിശദാംശം നൽകാമോ; പ്രസ്തുത റോഡുകളുടെ നവീകരണത്തിനായി മാത്രം എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളത്; | (ബി) | ജലനിധി പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ മുന്നിയൂർ ശുദ്ധജലവിതരണ പദ്ധതിയിൽ പൈപ്പുകൾ സ്ഥാപിക്കുന്നതിന് വേണ്ടി കുഴിച്ച പൊതുമരാമത്ത് വകുപ്പ് റോഡുകൾ പുനർ നിർമ്മാണത്തിന് വേണ്ടി 4,38,05,662 രൂപയും, പഞ്ചായത്ത് റോഡുകൾക്ക് വേണ്ടി 4,96,43,990 രൂപയും വകയിരുത്തിയിട്ടുണ്ട് . |
| (സി) | റോഡുകളുടെ പുനരുദ്ധാരണത്തിന്റെ ഭാഗമായി അനുവദിച്ച തുക ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥന് കൈമാറിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത റോഡ് പുനരുദ്ധാരണ പ്രവൃത്തി നടപ്പാക്കുന്ന രീതിയുടെ വിശദാംശം ലഭ്യമാക്കാമോ; | (സി) | പൊതുമരാമത്ത് വകുപ്പ് റോഡുകൾ പുനർ നിർമ്മാണത്തിനാവശ്യമായ തുക പ്രസ്തുത വകുപ്പിൽ അടച്ചതിനുശേഷമാണ് റോഡ് കുഴിക്കുന്നതിനും പൈപ്പുകൾ സ്ഥാപിക്കുന്നതിനുമുള്ള അനുമതി ലഭിച്ചിട്ടുള്ളത് . ഈ റോഡുകളുടെ പുനരുദ്ധാരണം പൊതുമരാമത്ത് വകുപ്പിന്റെ നിബന്ധനകൾക്ക് വിധേയമായി നടപ്പിലാക്കുന്നതാണ് . പഞ്ചായത്ത് റോഡുകളുടെ പുനർ നിർമാണത്തിനുള്ള തുക പണത്തിന്റെ ലഭ്യത അനുസരിച്ച് മുന്നിയൂർ പഞ്ചായത്തിന് നൽകുന്നതാണ് . |
| (ഡി) | റോഡ് പുനരുദ്ധാരണമടക്കം മുഴുവൻ പ്രവൃത്തികളും സമയബന്ധിതമായി പൂർത്തീകരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ? | (ഡി) | മുന്നിയൂർ പഞ്ചായത്തിലെ റോഡുകളുടെ പുനർ നിർമ്മാണം ഗ്രാമ/ബ്ലോക്ക് പഞ്ചായത്തും (LSGD), പൊതുമരാമത്ത് വകുപ്പും (PWD) ആണ് നിർവ്വഹിക്കുന്നത് . മുന്നിയൂർ ശുദ്ധജല വിതരണ പദ്ധതിയുടെ ട്രയൽ റൺ പ്രവർത്തങ്ങൾ നടന്നു വരുന്നു . പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ പണികളും 2022 മാർച്ച് മാസം 25 ഓട് കൂടി പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിട്ടുന്നത് . |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ABSTRACT | |
|---|---|
| Name of work | Revised Estimate amount after scrutiny at PMU |
| Package 1 - Construction of intake well cum pump house, Raw Water Treatment Plant ,7 lakhs litre OHSR,Compound wall and Gravity Main. | 5,01,04,107 |
| Package 2 - Construction of Clear water sump and Pump house, Pump set, 4700 Metre clear water pumping main to Chelari Tank, OHSR of capacity 4.25 lakh at Chelari | 2,54,94,708 |
| Package 3 - Supplying and laying Distribution system Zone-1 | 5,72,33,919 |
| Package 4 - Supplying and laying Distribution system Zone-2 | 6,34,65,842 |
| **Sub total - A pckg ( 1,2,3,4)** | **19,62,98,576** |
| Supply and installation of necessary fittings for SLEC office at chelari OHSR | 1,50,000 |
| Land cost | 59,42,500 |
| Setting up of SLEC office | 5,00,000 |
| Power connection | 6,50,000 |
| Unforseen for rounding | 5,283 |
| **Subtotal -B** | **72,47,783** |
| **Total (excluding Road Restoration amount) ---A+B** | **20,35,46,359** |
| Road restoration charges | 4,96,43,990 |
| | 4,38,05,662 |
| **Total (including Road Restoration amount)** | **29,69,96,010** |

**സെക്ഷൻ ഓഫീസർ**